## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2269** **10.10.2011-ൽ മറുപടിക്ക്**

### റോഡപകടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക് | | ശ്രീ. വി. എസ്. ശിവകുമാർ (ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | കാസർഗോഡ് - മംഗലാപുരം ദേശീയ പാതയിൽ റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പ്രസ്തുത പാതയിൽ സംസ്ഥാനാ തിർത്തിക്കുള്ളിൽ എത്ര അപകടങ്ങൾ സംഭവിച്ചുവെന്നും അതിൽ എത്ര പേർ മരിച്ചു എന്നും വ്യക്തമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കു മെന്ന് വ്യക്തമാക്കുമോ? | (സി) | **1) അപകട സാദ്ധ്യതമേഖല (Accidents Prone Area) യും അതീവ അപകട സാദ്ധ്യത മേഖലയും. (Black Spots)**<br>റോഡപകടങ്ങളെ സംബന്ധിച്ചുള്ള സ്ഥിതി വിവരകണക്കുകൾ വിശകലനം ചെയ്യുകയും സംസ്ഥാന ത്ത് 896 അപകട സാദ്ധ്യതാ മേഖലകളും (Accidents Prone Area) 217 അതീവ അപകട സാദ്ധ്യതാ മേഖലകളും (Black Spots) കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മേഖലകളിലെ അപകടകാരണം വ്യക്തമായി കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി അനുയോജ്യ മായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ |

| | | | |
|---|---|---|---|
| | | | കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ 50 അതീവ അപകട സാധ്യതാ മേഖലകളിൽ പരിഹാര നടപടി സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് നാലര കോടി രൂപ നൽകിയിട്ടുണ്ട്.<br>തിരുവനന്തപുരം ജില്ലയിൽ പട്ടം ജംഗ്ഷനിൽ Red Light violation detection system സ്ഥാപിക്കുവാൻ 55.62 ലക്ഷം രൂപയും കാര്യവട്ടം ജംഗ്ഷനിൽ over speed detection system സ്ഥാപിക്കുവാൻ 16.26 ലക്ഷം രൂപയും അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പി.എം.ജി ജംഗ്ഷനിൽ കേടായ സിഗ്നൽ ലൈറ്റുകൾ മാറ്റി സ്ഥാപിക്കുകയും 12,56827/-രൂപ നൽകുകയും ചെയ്തിട്ടുണ്ട്. വഴുതക്കാട് ജംഗ്ഷനിൽ കേടായ സിഗ്നൽ ലൈറ്റ് മാറ്റി സ്ഥാപിച്ചിട്ടുണ്ട്.<br>**<u>2) മാതൃകാ റോഡ് പദ്ധതി</u>**<br>മാതൃകാ റോഡ് പദ്ധതി നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് 2 കോടി 27 ലക്ഷം രൂപ നല്കിയിട്ടുണ്ട്.<br>കൊല്ലം - കോവളം, മുട്ടം-തൊടുപുഴ, വൈറ്റില-മണ്ണുത്തി, തൊടുപുഴ- അങ്കമാലി, ശബരിമല റോഡുകളായ വടശ്ശേരിക്കര- പമ്പ , എരുമേലി- പ്ലാപ്പള്ളി എന്നീ ആറ് റോഡുകളെ തെരഞ്ഞെടുത്ത് അപകട വിമുക്ത മാതൃക റോഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളെ ശാസ്ത്രീയമായ രീതിയിൽ സംവിധാനം ചെയുകയും ട്രാഫിക് സിഗ്നൽ ലൈറ്റുകളും, സൈൻ ബോർഡുകളും, അനുയോജ്യമായ |

| | | | |
|---|---|---|---|
| | | | സ്ഥാനത്ത് സ്ഥാപിക്കുകയും സ്പീഡ് റഡാറുകൾ ഉപയോഗിച്ച് അമിത വേഗത കുറയ്ക്കുകയും ചെയ്ത് അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ പുരോഗമിച്ച് വരുന്നു. പ്രസ്തുത ഉദ്യമം പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചാണ് ചെയ്തു വരുന്നത്. കൊല്ലം കോവളം റോഡിനെ മാതൃകാ റോഡായി പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും , പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നു.<br>തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലെ തിരഞ്ഞെടുത്ത റോഡുകളെ മാതൃകാ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കേരളാ റോഡ് സുരക്ഷാ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്.<br>കേരളാ റോഡ് സുരക്ഷാ അതോറിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പ്, അവരുടെ നിയന്ത്രണത്തിൽ ചേർത്തല- മണ്ണുത്തി റോഡിനെ മാതൃകാ റോഡായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത റോഡിലെ ജംഗ്ഷനുകളിലും, വീഥികളിലും റെഡ് വയലേഷൻ ഡിറ്റക്ഷൻ സിസ്റ്റവും, ഓവർസ്പീഡ് വയലേഷൻ ഡിറ്റക്ഷൻ സിസ്റ്റവും ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കികൊണ്ട് അപകടരഹിത റോഡ് സംവിധാനത്തിനായുള്ള നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | <u>**3) റോഡ് സുരക്ഷാ ബോധവൽ ക്കരണം**</u><br>റോഡ് സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലേക്കായി ടെലിവിഷൻ വഴി ഫിലിമുകൾ സംപ്രേക്ഷണം ചെയ്യുകയും എഫ്.എം. റേഡിയോ മുഖേന ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്തു വരുന്നു.<br>ദൃശ്യ - ശ്രാവ്യ അച്ചടി മാധ്യമങ്ങൾ തുടങ്ങി സാധ്യമായ മുഴുവൻ മാധ്യമങ്ങളെ ഉപയോഗിച്ചും റോഡ് സുരക്ഷയെ പറ്റി പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്ക്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>ടിപ്പർലോറി/ചരക്കുവാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക്ക് വഴി റോഡുസുരക്ഷ പരിശീലനം നല്കുന്നതിനായി 12 ലക്ഷം രൂപ നല്കിയിട്ടുണ്ട്.<br>2011 ലെ റോഡ് സുരക്ഷാ വാരത്തിനോട് അനുബന്ധിച്ച് കേരളത്തിലെ എല്ലാ ഇലക്ട്രോണിക്സ് - അച്ചടി മാധ്യമങ്ങൾ വഴി റോഡ് സുരക്ഷാ സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കാൻ നടപടി സ്വീകരിച്ചു.<br>റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സിനിമാ തീയറ്ററുകളിലൂടെ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേക്ഷണം ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | രാത്രികാലത്ത് എയർപോർട്ടുകളിലേയ്ക്കുള്ള യാത്രക്കിടയിലുള്ള അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരെയും. യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി "Safe night driving" എന്ന ലഘുലേഖ കേരളത്തിലെ മൂന്നു അന്താരാഷ്ട്രാ വിമാനത്താവളങ്ങളുടെ പരിധിയിൽ വരുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്തു വരുന്നു.<br>വാഹന ഡ്രൈവർമാരെയും യാത്രക്കാരേയും ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച 'റോഡ്' റെഗുലേഷൻസ് എന്ന ലഘുലേഖ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തു വരുന്നു.<br>നാറ്റ്പാക്ക് തയ്യാറാക്കിയ സ്കൂളിലേയ്ക്കുള്ള സുരക്ഷിത പാത (Safe Road to School) എന്ന പുസ്തകത്തിന്റേയും അധ്യാപക പഠന സഹായി (Teachers Manual) എന്ന പുസ്തകത്തിന്റേയും ഇംഗ്ലീഷ്. മലയാളം വാല്യങ്ങളുടെ കോപ്പികൾ അച്ചടിച്ച് സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പുസ്തകങ്ങൾ ആർ.ടി.ഒ മാർ മുഖേന കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തു വരുന്നു.<br>സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക്ക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷ ഹ്രസ്വ ചിത്രങ്ങൾ കേരളത്തിലെ |

| | | | |
|---|---|---|---|
| | | | സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>**<u>4) റോഡ് സുരക്ഷാ ക്ലബ്ബ്.</u>**<br>റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂളുകളിലും / കോളേജുകളിൽ 157 റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകൾ കേരളത്തിലെ എല്ലാ സ്കൂളുകളിലും / കോളേജുകളിലും തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>**<u>5) റോഡ് സുരക്ഷാ പ്രോജക്ടും, ഗവേഷണവും.</u>**<br>ആലപ്പുഴ ജില്ലയിലെ ആലപ്പുഴ-മധുര, അമ്പലപ്പുഴ - തിരുവല്ല, അർത്തുങ്കൽ - ചെല്ലാനം എന്നീ റോഡുകളുടെ സേഫ്റ്റി ഓഡിറ്റ് നാറ്റ്പാക്കിന്റെ സഹായത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി ചെയ്തു കഴിഞ്ഞു.<br><br>**<u>6) ട്രോമാകെയർ.</u>**<br>ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുവാൻ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി നടപടികൾ ആവിഷ്കരിച്ച് വരുന്നു. ആംബുലൻസ് സജ്ജീകരിക്കുന്നതിലേയ്ക്കായി 130 ലക്ഷം രൂപയും, ഹരിപ്പാട്, വടകര, പയ്യന്നൂർ, തിരൂർ , പത്തനംതിട്ട തുടങ്ങിയ കേന്ദ്രങ്ങളിൽ ട്രോമാകെയർ സെന്ററുകൾ സജ്ജീകരിക്കുന്നതിലേയ്ക്കായി 370 ലക്ഷം രൂപയും, കേരളാ എമർജെൻസി മെഡിക്കൽ സ്കീമിന്റെ ആംബുലൻസുകൾക്കുള്ള പ്രവർത്തന ചെലവിലേയ്ക്കുള്ള ഒറ്റ തവണ സഹായം എന്ന |

| | | | |
|---|---|---|---|
| | | | നിലയ്ക്ക് 50 ലക്ഷം രൂപയും ആരോഗ്യവകുപ്പിന് കേരള റോഡ് സുരക്ഷാ അതോറിറ്റി നല്കിയിട്ടുണ്ട്.<br>**7) പരസ്യ ബോർഡുകൾ.**<br>അപകടത്തിന് കാരണമായേക്കാവുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ ചുമതലപ്പെടുത്തി.<br>**8) അപകടാനന്തര അന്വേഷണം.**<br>അപകടം സംഭവിക്കുമ്പോൾ മൂന്നോ അതിൽ കൂടുതലോ വ്യക്തികൾ മരണപ്പെടുകയാണെങ്കിൽ, അപകട കാരണങ്ങൾ വ്യക്തമായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട മേഖലയിലെ ഡി.വൈ.എസ്.പി.യും, മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അടങ്ങുന്ന കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.<br>**9)സ്റ്റുഡൻസ് കേഡറ്റ് പ്രൊജക്ട്.**<br>_ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലെ 128 സ്കൂളുകളിൽ രൂപീകരിക്കുന്ന സ്റ്റുഡൻസ് പോലീസ് കേഡറ്റ് പ്രൊജക്റ്റിന്റെ ഭാഗമായി സ്കൂളുകളിൽ കമ്മ്യൂണിറ്റി ലെവൽ റോഡ് സുരക്ഷാ പ്രോഗ്രാം നടപ്പിലാക്കുന്നതിന് പോലീസ് വകുപ്പിന് ഒരു കോടി രൂപ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>**10. ഫുട്പാത്ത് കൈയ്യേറ്റം.**<br>നിയമവിരുദ്ധമായി ഫുട്പാത്ത് കൈയ്യേറുന്നവരെ ഒഴിപ്പിക്കുവാനും അവർക്കെതിരെ റോഡ് സുരക്ഷ അതോറിറ്റി ആക്ടിലെ 14,15,16,17 വകുപ്പുകൾ പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എല്ലാ ജില്ലാ റോഡ് സുരക്ഷ |

| | | | |
|---|---|---|---|
| | | | ചെയർമാൻമാർ, സിറ്റി പോലീസ് കമ്മീഷണർമാർ, ജില്ലാ പോലീസ് സൂപ്രണ്ട്മാർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ എന്നിവർക്ക് നിർദ്ദേശം നൽകി യിട്ടുണ്ട്.<br>**11. വാഹന കുരുക്ക് തടയൽ.**<br>_ കേരളത്തിലെ നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന വാഹനകുരുക്ക് തടയുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ നഗരങ്ങളിലെ സ്കൂളുകളുടെ പ്രവർത്തനസമയം ഉചിതമായി മാറ്റുന്നത് സർക്കാർ പരിഗണിച്ചു വരുന്നു.<br>**12)ദശവത്സര റോഡ് സുരക്ഷാ പദ്ധതി.**<br>2011-2020 ദശകത്തി ലേക്കുള്ള പൊതുവായ റോഡ് സുരക്ഷാ പരിപാടികൾ നടത്തിക്കുന്ന തിനായി വിവിധ വകുപ്പുകൾ റോഡ് സുരക്ഷാ പദ്ധതികൾ സമർപ്പിച്ചി ട്ടുണ്ട്. 2020-ഓടെ വാഹന ദുരന്തങ്ങൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പരിപാടികൾക്കായി , താഴെ പറയുന്ന പ്രകാരം വിവിധ വകുപ്പുകൾക്ക് ഫണ്ട് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്:<br><br>**(എ) പൊതുമരാമത്ത് വകുപ്പ് .**<br>216 ബ്ലാക്ക്സ്പോട്ട് - അപകട നിവാരണത്തിന് 20.5 കോടിയും, സ്കൂൾ സോൺ അപകട നിവാരണത്തിനു 10 കോടിയും, ബസ് ബേയ്, ബസ് ഷെൽറ്റർ എന്നിവ നിർമ്മിക്കുവാൻ 19 കോടിയും ചേർന്ന് 49.50 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് ആയതിൽ 19 കോടി രൂപ ഈ വർഷം |

| | | | |
|---|---|---|---|
| | | | തന്നെ അടിയന്തിരമായി അനുവദിക്കുവാനും തീരുമാന മായിട്ടുണ്ട്. ആദ്യഘട്ടമായി 3 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് നൽകി കഴിഞ്ഞു.<br>**<u>(ബി) പോലീസ് ഡിപ്പാർട്ടുമെന്റ് .</u>**<br>110 ഇന്റർസെപ്റ്റർ വാങ്ങുന്നതിനും 35 കോടി രൂപ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൽ 4 കോടി രൂപ ഈ സാമ്പത്തിക വർഷം തന്നെ അനുവദിക്കുവാനും തിരുമാനിച്ചു. ആൽകോമീറ്റർ വാങ്ങുന്നതിന് 2 കോടി രൂപയും, പോലീസുകാർക്ക് ട്രോമോകെയർ പരിശീലനത്തിന് 2.25 ലക്ഷം രൂപയും പോലീസ് വകുപ്പിന് നൽകി കഴിഞ്ഞു.<br>**<u>(സി) മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ്.</u>**<br>മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ റോഡ് സുരക്ഷ ബോധവൽക്കരണത്തിനും വിവിധ റോഡ് സുരക്ഷ പ്രവർത്തനങ്ങൾക്കുമായി 15,64,99,152/- (പതിനഞ്ച് കോടി അറുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി ഒരുനൂറ്റി അൻപത്തിരണ്ടു രൂപ മാത്രം) നല്കിയിട്ടുണ്ട്. വ്യാപകമായ രീതിയിൽ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് വരുന്നു. വിവിധ തരത്തിലുള്ള വാഹന ഡ്രൈവർമാർക്കുള്ള ബോധവൽക്കരണ പരിപാടികൾ ആരംഭിച്ചു കഴിഞ്ഞു.<br>**<u>(ഡി) നാറ്റ്പാക്.</u>**<br>റോഡ് സുരക്ഷാ പഠനങ്ങളിലും, ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടെയുള്ള വിവിധ റോഡ് സുരക്ഷ പ്രവർത്തനങ്ങൾക്കുമായി നാറ്റപാകിന് 57,82,000/- (അൻപത്തി |

| | | | |
|---|---|---|---|
| | | | ഏഴ് ലക്ഷത്തി എൺപത്തിരണ്ടായിരം രൂപ മാത്രം) രൂപ നല്കിയിട്ടുണ്ട്.<br>**(ഇ) കെൽട്രോൺ.**<br>തിരുവനന്തപുരം നഗരത്തിലെ 62 ജംഗ്ഷനുകളിലും, കൊച്ചി നഗരത്തിലെ 14 ജംഗ്ഷനുകളിലും, കോഴിക്കോട് നഗരത്തിലെ 27 ജംഗ്ഷനുകളിലും, സ്പീഡ് ഡിറ്റക്ഷൻ ആന്റ് സെക്യൂരിറ്റി കം വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ ഘടിപ്പിക്കുന്നതിന് 6.1 കോടി രൂപ അനുവദിച്ചു. പ്രസ്തുത തുകയുടെ 25% തുക കെൽട്രോണിന് നൽകി കഴിഞ്ഞു. ചേർത്തല- മണ്ണുത്തി മാതൃകാ റോഡിൽ റഡാർ സർവൈലൻസ് സിസ്റ്റവും, ട്രാഫിക് റഗുലേറ്റിംഗ് സംവിധാനവും നടപ്പിലാക്കുന്നതിന് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന് 2,2467,763/- (രണ്ട് കോടി ഇരുപത്തിനാല് ലക്ഷത്തി അറുപത്തി ഏഴായിരത്തി എഴുന്നൂറ്റി അറുപത്തി മൂന്നു രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. അടങ്കൽ തുകയുടെ 25% നൽകികൊണ്ട് കെൽട്രോണിന് വർക്ക് ഓർഡർ നൽകി കഴിഞ്ഞു.<br>(എഫ്) റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം. കൊല്ലം, തൃശ്ശൂർ, കോഴിക്കോട്. എറണാകുളം. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് 15 ലക്ഷം രൂപ വീതവും, മറ്റു ഒൻപത് ജില്ലകൾക്ക് 10 ലക്ഷം രൂപ വീതവും ആകെ ഒരു കോടി അറുപത്തിഅഞ്ചു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ